Brief report on Vice- President's visit to NUALS on 07.07.2025

The Hon'ble Vice-President of India, Shri Jagdeep Dhankhar, visited NUALS to interact with faculty and students, and shared his insights on constitutional governance, and encourage scholarly engagement with contemporary legal issues. The Hon'ble Vice-President was accompanied by his wife, Dr. Sudesh Dhankhar, during his visit to NUALS.

Shri Rajendra Vishwanath Arlekar, Hon'ble Governor of Kerala; Dr. R. Bindu, Hon'ble Minister for Higher Education and Social Justice and Pro-Chancellor of NUALS; and Shri P. Rajeeve, Hon'ble Minister for Law, Coir, and Industries, graced the occasion and addressed the gathering.

"Only the President and Governors swear to preserve, protect and defend the Constitution, underscoring their heightened duty above the standard pledge to uphold it taken by all other constitutional functionaries. The President and Governor's alone enjoy complete immunity from criminal proceedings while in office- an arrangement intended to safeguard institutional dignity."- Vice-President said

Students were invited to submit two essays – (i) Why India celebrates Constitution Day (26th November) and (ii) Samvidhan Hatya Diwas and the Emergency (25th June)- within 15 days. Five entries in each category will earn their authors a hosted visit to Parliament. The Vice- President offered to bring NUALS students (15-25 per batch) to tour the new Parliament building, share lunch, and interact with Kerala's nine Rajya Sabha Members.

He lauded Kerala for producing stalwarts such as Justice M. Fatima Beevi – first women judge of the Supreme Court and highlighted the state's tradition of dignified parliamentary conduct. Stressing that each branch of government is supreme in its own sphere, he cautioned against judicial or legislative encroachment on executive functions- citing the current role of the Chief Justice in appointments such as the CBI Director.

He encouraged students to explore emerging domains- blue economy, space law, cyber- security- emphasizing India's demographic dividend and rapid growth trajectory toward "Vikasit Bharat @ 2047"

Immediate Outcomes & Follow-Up Actions

1. **Essay Competition:** NUALS to circulate guidelines and collect entries within 15 days.
2. **Parliament Visit Logistics:** University administration to coordinate participant lists in consultation with Kerala's Rajya Sabha MPs and the Vice-President's Secretariat.
3. **Student Forums:** Faculty and Students to schedule weekly constitutional-law symposiums beginning from next month.

The Hon'ble Vice-President also warmly welcomed the differently-abled students who came to meet him under the leadership of the Centre for Empowerment and Enrichment.

Significance of the Visit

The interaction reinforced NUALS's role as a hub for constitutional thought and civic leadership. It provided students a rare opportunity to engage directly with the Nation's second-highest constitutional office and to contextualize their legal studies within India's democratic evolution.

The event concluded with a vote of thanks and a group photograph with University dignitaries and students. The Hon'ble Vice- President also planted trees in memory of his beloved parents and mother in law.


OF INDIA WITH THE STUDENTS OF NUALS
संसद टीवी
उपराष्ट्रपति के केरल दौरे का दूसरा दिन
आज कोच्चि में व्यस्त कार्यक्रम

एक पेड़ माँ के नाम
EK PED MAA KE NAAM
മാതൃനാമത്തിൽ ഒരു വൃക്ഷം
NUALS
KOCHI
Shri Jagdeep Dhankhar
Hon'ble Vice-President of India
&
Planted by
Shri Jagdeep Dhankhar
Late Smt Kesari Devi
Shri Jagdeep Dhankhar
Late Shri Gokal Chand

E-Resources & Links

- **PIB Press Release** (July 4): Full itinerary and multilingual text Big News Network+5Press Information Bureau+5Mathrubhumi English+5
- **Speech Transcript** via PIB/PIB India's social feeds—excerpt of address at NUALS X
- **Video of Session at NUALS:** https://www.youtube.com/watch?v=Zu6HAZu7zOU&t=1428s
- https://www.youtube.com/live/OB7COG33FMA
- **Times of India Report:** On judiciary cash-probe demands by VP Big News Network+6The Indian Express+6Times of India+6
- **Mathrubhumi Analysis:** Highlights of his visit and doctrinal emphasis Big News Network+3Mathrubhumi English+3Social News XYZ+3

Newspaper Clippings

The Hindu dtd 08.07.2025

Preamble like parenthood, cannot be changed: V-P

Vice-President Jagdeep Dhankhar interacting with the students and faculty members of the National University of Advanced Legal Studies (NUALS) in Kalamassery on Monday.

The Hindu Bureau
KOCHI

Vice-President Jagdeep Dhankhar on Monday said that the Preamble of the Indian Constitution was "like how parents are to children as you cannot change parenthood."

"Howsoever you try, you can't change parenthood. That is not possible. Secondly, historically, no country's Preamble has ever been changed," he said at his interaction with the students of the National University of Advanced Legal Studies (NUALS), Kalamassery.

He said that the "Preamble of our Constitution was changed at a time when hundreds of people were behind the bars, the darkest era of our democracy - the Emergency era. Fundamental rights were totally suspended. You need to examine it," he said.

Stating that the judiciary commands immense trust and respect of the people, Mr. Dhankhar said the judiciary had faced turbulent times recently. "But the soothing thing is that a big change has taken place. We are seeing good times now for the judiciary. The present Chief Justice and his immediate predecessor gave us a new era of accountability and transparency. They are getting things back on the rails. However, the earlier two years were very disturbing and challenging. Thoughtlessly, several steps were taken; it will take a while to undo them. It is fundamental that institutions function with optimal performance," he said.

Mr. Dhankar said that people believed in judiciary like no other institution. "If their faith is eroded, we will be faced with a grim situation. Our nation of 1.4 billion will suffer," he said.

He said that each institution of the Constitution was supreme in its own area.

Times of India dtd 08. 07. 2025

Cash pile at HC judge's home worrisome: VP

'We Have To Find Out If It Is Tainted Money'

TIMES NEWS NETWORK

Kochi: Vice-President Jagdeep Dhankhar has said that the country went through a terrible time recently due to events in the judiciary concerning large amounts of cash found in the official residence of a high court judge (Yashwant Varma). "It was worrisome because not many knew of it until a week later. The question that remains is whether this is an isolated incident or if there are other similar incidents," he said.

During an interaction with the students of Nuals in Kochi, Dhankhar said it was important to find out those who are culpable. "But so far, there has been no FIR." He said that where there has to be rule of law, there has to be equality before the law, which means every crime must be investigated. "If the money is so huge in volume, we have to find out if it is tainted money? How was it stocked in the official residence of a judge??," he asked.

"Several penal provisions are violated in the process. I do hope an FIR will be registered. We must go to the root of the matter because, for democracy, it matters that our judiciary, in whom the faith is unshakable, has its very foundations shaken," Dhankhar said.

He said each of the pillars of democracy must perform its function. But if the executive function is done by the legislature or judiciary, that will be antithetical to the essence and spirit of the doctrine of separation of powers.

"I am aghast that a functionary of the executive, like the CBI director, is appointed with the participation of the Chief Justice of India. Why? The CBI director is not the senior-most person in the hierarchy. He has above him several layers: Chief vigilance commissioner, cabinet secretary, all secretaries. After all, he's heading a department. Why should an appointment of the executive be made by anyone else other than the executive?" he said.

TOI

Jagdeep Dhankhar interacts with students at Nuals in Kochi on Monday. His wife Sudesh Dhankhar and higher education minister R Bindu are also seen

DHANKHAR

"There is a constitutional provision, if you can understand, that certain constitutional authorities are not permitted to hold assignments after their office — like a public service commission member cannot take any assignment under the govt. The comptroller and auditor general can't take that assignment. The chief election commissioner and election commissioners can't take that assignment because they must be free not to be subjected to allurements and temptations. This was not for judges. Why? Because judges were expected to be totally away from it. And now we have post-retirement posts for judges," he said.

The New Indian Express dtd 08.07.2025

Judiciary is tottering because of its 'Ides of March': Dhankhar

EXPRESS NEWS SERVICE
@ Kochi

THE respect and trust that people in the country have for courts have been shaken to the core by the incident involving a stash of cash found at a judge's official residence in New Delhi, Vice-President Jagdeep Dhankhar said on Monday, terming the incident as the judiciary's "Ides of March".

Calling for a criminal investigation, Dhankar said, in an interaction with students and faculty of the National University of Advanced Legal Studies (Nuals), that the "citadel is tottering because of the incident."

The Vice-President stressed that the system should have treated it as a criminal matter from the start, but added that the Centre is currently constrained by a Supreme Court ruling from the early 1990s. "But so far, there has been no FIR. The government at the central level is handicapped because an FIR cannot be registered in view of a judgment of the Supreme Court rendered in early 90s," he said.

Expressing reservations over the appointment of judges to certain posts after their retirement, Dhankar said that this is seriously impairing the institution. "Certain constitutional authorities are not permitted to hold assignments after retirement, he said.

Dhankhar also praised Kerala as the land that has gifted the country many luminous minds and upright public servants.

Vice-President Jagdeep Dhankhar welcomes differently-abled students who came to meet him under the leadership of the Centre for Empowerment and Enrichment. The vice-president's wife Dr Sudheshna and CEE chairperson Dr Mary Anitha are also seen | EXPRESS

Mathrubhumi dtd 08.07.2025

‘ഗ്രീറ്റ് ആൻഡ് മീറ്റ് ദി വൈസ് പ്രസിഡന്റ്’

കൊച്ചി ▸ സെന്റർ ഫോർ എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റിന്റെ (സിഫി) നേതൃത്വത്തിൽ ‘ഗ്രീറ്റ് ആൻഡ് മീറ്റ് ദി വൈസ് പ്രസിഡന്റ്’ പരിപാടി നടത്തി. പരിപാടിയിൽ 15 ഭിന്നശേഷി വിദ്യാർഥികളെ മധുരംനൽകി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സ്വീകരിച്ചു. കളമശ്ശേരിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ (നുവാൽസ്) എത്തിയാണ് കുട്ടികൾ ഉപരാഷ്ട്രപതിയെ കണ്ടത്.

സിഫി ചെയർപേഴ്സൺ ഡോ. പി.എ. മേരി അനിതയുടെ നേതൃത്വത്തിൽ എത്തിയ ഭിന്നശേഷിക്കാരായ കുട്ടികളോടും അവരുടെ രക്ഷിതാക്കളോടും ഉപരാഷ്ട്രപതി ക്ഷേമവിവരങ്ങൾ തിരക്കി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സിഫി ഭാരവാഹികൾ ഉപരാഷ്ട്രപതിയെ അറിയിച്ചു.

വെൽക്കം ടു കേരള....

സെന്റർ ഫോർ എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റിന്റെ (സിഫി) നേതൃത്വത്തിൽ നടത്തിയ ‘ഗ്രീറ്റ് ആൻഡ് മീറ്റ് ദി വൈസ് പ്രസിഡന്റ്’ പരിപാടിയിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികളോട് സംവദിക്കുന്ന ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. സിഫി ചെയർപേഴ്സൺ ഡോ. പി.എ. മേരി അനിത സമീപം

നേരെയാക്കാമോന്ന് നോക്കട്ടെ.....

കേരള സന്ദർശനം കഴിഞ്ഞ് കൊച്ചി വിമാനത്താവളത്തിൽനിന്നു ഡൽഹിക്ക് മടങ്ങുന്ന ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറിന് [illegible] ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രി പി. രാജീവ്, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് എന്നിവർ സമീപം

'ഗ്രീറ്റ് ആൻഡ് മീറ്റ് ദി വൈസ് പ്രസിഡന്റ്'

കൊച്ചി ▸ സെന്റർ ഫോർ എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റിന്റെ (സിഫി) നേതൃത്വത്തിൽ 'ഗ്രീറ്റ് ആൻഡ് മീറ്റ് ദി വൈസ് പ്രസിഡന്റ്' പരിപാടി നടത്തി. പരിപാടിയിൽ 15 ഭിന്നശേഷി വിദ്യാർഥികളെ മധുരംനൽകി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സ്വീകരിച്ചു. കളമശ്ശേരിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ (നുവാൽസ്) എത്തിയാണ് കുട്ടികൾ ഉപരാഷ്ട്രപതിയെ കണ്ടത്.

സിഫി ചെയർപേഴ്സൺ ഡോ. പി.എ. മേരി അനിതയുടെ നേതൃത്വത്തിൽ എത്തിയ ഭിന്നശേഷിക്കാരായ കുട്ടികളോടും അവരുടെ രക്ഷിതാക്കളോടും ഉപരാഷ്ട്രപതി ക്ഷേമവിവരങ്ങൾ തിരക്കി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സിഫി ഭാരവാഹികൾ ഉപരാഷ്ട്രപതിയെ അറിയിച്ചു.

വെൽക്കം ടു കേരള...

സെന്റർ ഫോർ എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റിന്റെ (സിഫി) നേതൃത്വത്തിൽ നടത്തിയ 'ഗ്രീറ്റ് ആൻഡ് മീറ്റ് ദി വൈസ് പ്രസിഡന്റ്' പരിപാടിയിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികളോട് സംവദിക്കുന്ന ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. സിഫി ചെയർപേഴ്സൺ ഡോ. പി.എ. മേരി അനിത സമീപം

ജുഡീഷ്യറിയിലെ വിശ്വാസം നഷ്ടമായാൽ രാജ്യത്തിന് ആപത്ത് -ഉപരാഷ്ട്രപതി

"വിരമിച്ചശേഷം ജഡ്ജിമാർ പുതിയ പദവികൾ സ്വീകരിക്കുന്നത് ആശാസ്യമല്ല

കൊച്ചി ▸ ജനങ്ങൾക്ക് ജുഡീഷ്യറിയിലുള്ള വിശ്വാസം നഷ്ടമായാൽ അത് രാജ്യത്തിന്റെ നിലനില്പുതന്നെ അപകടത്തിലാക്കുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ജനങ്ങൾ ജുഡീഷ്യറിയിൽ വലിയ വിശ്വാസം അർപ്പിക്കുന്നുണ്ട്. ആ വിശ്വാസത്തിന് ഇളക്കം തട്ടാതെ നോക്കണം. നീതിന്യായ സംവിധാനങ്ങളുടെ സ്വതന്ത്രമായ നിലനില്പ് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിഷമകരമായ കേസുകളും സാഹചര്യങ്ങളും കൈകാര്യം ചെയ്യേണ്ടി വരുന്നവരാണ് ന്യായാധിപർ. അതിനാൽത്തന്നെ അവർ വലിയ തോതിൽ സംരക്ഷണം അർഹിക്കുന്നുണ്ട്. എന്നാൽ, ചില സംഭവങ്ങൾ ആശങ്കയ്ക്ക് ഇടയാക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ (നുവാൽസ്) വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിക്കുകയായിരുന്നു ഉപരാഷ്ട്രപതി. ഹൈക്കോടതി ജഡ്ജിയുടെ വീട്ടിൽനിന്ന് കണക്കിൽപ്പെടാത്ത വലിയ തുക അടുത്തിടെ കണ്ടെത്തിയ സംഭവം ഉപരാഷ്ട്രപതി പരാമർശിച്ചു. ഈ സംഭവം ക്രിമിനൽ കുറ്റമെന്ന നിലയിലാണ് കൈകാര്യം ചെയ്യേണ്ടിയിരുന്നത്. കുറ്റക്കാരെ കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരണം. പണത്തിന്റെ ഉറവിടവും കണ്ടെത്തണം. ഒട്ടേറെ നിയമലംഘനങ്ങൾ ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്. പക്ഷേ, ഇതുവരെ എഫ്ഐആർ പോലും രജിസ്റ്റർ ചെയ്തിട്ടില്ല. തൊണ്ണൂറുകളിലെ ഒരു സുപ്രീംകോടതി ഉത്തരവാണ് എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതിൽ നിന്നു സർക്കാരിനെ തടയുന്നത്. വിരമിക്കലിനുശേഷം ജഡ്ജിമാർ പുതിയ പദവികൾ സ്വീകരിക്കുന്നതിനെയും ഉപരാഷ്ട്രപതി വിമർശിച്ചു. ചില ഭരണഘടനാ അതോറിറ്റികളിൽ റിട്ടയർമെന്റിനുശേഷം പദവികൾ വഹിക്കുന്നതിൽ നിയന്ത്രണമു [illegible]

കൊച്ചി നുവാൽസിൽ എത്തിയ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ വിദ്യാർഥികളോട് സംവദിക്കുന്നു

തുടങ്ങിയവയെല്ലാം ഇതിൽ ചിലതാണ്. ഈ ചുമതലകൾ വഹിക്കുന്നവർ സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കണം. ജഡ്ജിമാർക്ക് ഇതെന്തുകൊണ്ടാണ് ബാധകമല്ലാത്തത്. വിരമിക്കലിനുശേഷം സ്വീകരിക്കാവുന്ന ഒട്ടേറെ പദവികൾ തന്നെയുണ്ട് ഇപ്പോൾ ജഡ്ജിമാർക്ക്. എന്നാൽ, എല്ലാവർക്കും ഇത്തരത്തിൽ നിയമനം നൽകാനാകില്ല. കുറച്ചുപേരെ തിരഞ്ഞെടുക്കേണ്ടി വരും. ആ തിരഞ്ഞെടുപ്പിൽ പലപ്പോഴും പല താത്പര്യങ്ങൾ കടന്നുവരും. ഇത് നമ്മുടെ നീതിന്യായ സംവിധാനത്തെ ദുർബലപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഭരണഘടനയുടെ ആമുഖം രക്ഷാകർത്തൃത്വം പോലെ

ഭരണഘടനയുടെ ആമുഖമെന്നത് [illegible] രക്ഷാകർത്തൃത്വം പോലെയാണ്. എത്ര ശ്രമിച്ചാലും നിങ്ങൾക്ക് മാതാപിതാക്കളെ മാറ്റാനാകില്ല.

ഒരു രാജ്യത്തിന്റെയും ഭരണഘടനയുടെ ആമുഖത്തിൽ ഒരിക്കലും മാറ്റം വരുത്തിയിട്ടില്ല. എന്നാൽ, നമ്മുടെ ഭരണഘടനയുടെ ആമുഖം ഒരിക്കൽ മാറ്റിയിട്ടുണ്ട്. അടിയന്തരാവസ്ഥയുടെ ഇരുണ്ട കാലഘട്ടത്തിലായിരുന്നു അത്.

ജനാധിപത്യ രാഷ്ട്രമെന്ന നമ്മുടെ വാദമാണ് ആ കാലയളവിൽ ഇല്ലാതായത്. നിയമനിർമാണ സഭയും കാര്യനിർവഹണ വിഭാഗവും നീതിന്യായ വ്യവസ്ഥയും ഒത്തു പ്രവർത്തിച്ചില്ലെങ്കിൽ ഗുരുതരമായ സ്ഥിതിവിശേഷമാണുണ്ടാവുക - അദ്ദേഹം വ്യക്തമാക്കി.

സാധാരണ ജനങ്ങൾക്കും എളുപ്പത്തിൽ പ്രാപ്യമാകുന്ന രീതിയിൽ 'പീപ്പിൾസ് ജുഡീഷ്യറി' ആയി നമ്മുടെ നിയമ സംവിധാനങ്ങൾ മാറണമെന്ന് ചടങ്ങിൽ സംസാരിച്ച ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യംവഹിക്കുന്നതെന്ന് ചടങ്ങിൽ പങ്കെടുത്ത ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു.

പിതാവിന്റെയും മാതാവിന്റെയും ഓർമയ്ക്കായി നുവാൽസ് കാമ്പസിൽ ഉപരാഷ്ട്രപതിയും ഭാര്യ ഡോ. സുദേഷ് ധൻകറും ചേർന്ന് വൃക്ഷത്തൈകൾ നട്ടു.

ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. ജി.ബി. റെഡ്ഡി തുടങ്ങിയവർ പങ്കെടുത്തു.

ഉപന്യാസമെഴുതാം, പാർലമെന്റ് സന്ദർശിക്കാം

ഉപരാഷ്ട്രപതിയുടെ ഓഫർ

കൊച്ചി ▸ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ (നുവാൽസ്) വിദ്യാർഥികൾക്ക് ഉപന്യാസമത്സരവുമായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ഭരണഘടനാ ദിനം, സംവിധാൻ ഹത്യ ദിവസ് എന്നിവയിൽ ഉപന്യാസമെഴുതാനാണ് അദ്ദേഹം നുവാൽസിലെ വിദ്യാർഥികളോട് ആവശ്യപ്പെട്ടത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഉപരാഷ്ട്രപതിയുടെ അതിഥികളായി പാർലമെന്റ് സന്ദർശിക്കാനാകും.

"നവംബർ 26-ന് ഭരണഘടനാ ദിനം ആഘോഷിക്കുന്നത് എന്തിനെന്നതിനെക്കുറിച്ച് നിങ്ങളെല്ലാവരും ഉപന്യാസം എഴുതണം. എന്നാണ് ഭരണഘടനാ ദിനം ആഘോഷിച്ചു തുടങ്ങിയത്, പ്രാധാന്യം എന്ത് എന്നിവയെല്ലാം വ്യക്തമാക്കുന്ന ഉപന്യാസം എനിക്ക് അയക്കണം. അയക്കുന്നതിനുള്ള ഇ-മെയിൽ വിലാസം വൈസ് ചാൻസലർക്ക് നൽകും. 15 ദിവസത്തിനകം ഉപന്യാസം അയക്കണം."- നുവാൽസിൽ വിദ്യാർഥികളും അധ്യാപകരുമായി സംവദിക്കുന്നതിനിടെ ഉപരാഷ്ട്രപതി പറഞ്ഞു. അടിയന്തരാവസ്ഥയുടെ ഇരുണ്ട കാലഘട്ടത്തെക്കുറിച്ച് ഓർമിപ്പിക്കുന്ന സംവിധാൻ ഹത്യ ദിവസിനെക്കുറിച്ച് ഉപന്യാസം എഴുതാനും അദ്ദേഹം ആവശ്യപ്പെട്ടു. രണ്ട് ഉപന്യാസങ്ങളിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചുപേർക്ക് വീതം പാർലമെന്റ് സന്ദർശിക്കാൻ അവസരം ലഭിക്കും. ഉപന്യാസങ്ങൾ അയക്കുന്നവരിൽനിന്ന് നറുക്കിട്ടാണ് അഞ്ചുപേരെ തിരഞ്ഞെടുക്കുക. കേരളത്തിൽ നിന്നുള്ള ഒൻപത് രാജ്യസഭാംഗങ്ങളുടെ സാന്നിധ്യത്തിലായിരിക്കും നറുക്കെടുപ്പ് - അദ്ദേഹം പറഞ്ഞു. പാർലമെന്റിന്റെ പുതിയ മന്ദിരം കാണുന്നതിന് അദ്ദേഹം വിദ്യാർഥികളെയെല്ലാം ക്ഷണിച്ചു.

ഗവർണർക്കും രാജ്യസഭാ എംപിമാർക്കും അഭിനന്ദനം

കൊച്ചി ▸ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്കും കേരളത്തിൽനിന്നുള്ള രാജ്യസഭാ എംപിമാർക്കും ഉപരാഷ്ട്രപതിയുടെ അഭിനന്ദനം.

കേരളത്തിൽനിന്നുള്ള രാജ്യസഭാ എംപിമാരുടെ പ്രവർത്തനം മികച്ചതാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. പാർലമെന്ററി കാര്യങ്ങളിൽ മികച്ച ഇടപെടലുകളാണ് കേരളത്തിൽനിന്നുള്ള ഒൻപത് എംപിമാരും നടത്തിവരുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഭരണഘടനാപരമായ അധികാരങ്ങളെക്കുറിച്ച് പരാമർശിക്കവേയായിരുന്നു കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ അദ്ദേഹം അഭിനന്ദിച്ചത്. ഗവർണർ എന്നത് എപ്പോഴും ഒരു 'ഈസി പഞ്ചിങ് ബാഗ്' ആണ്. എന്നാൽ, രാജേന്ദ്ര ആർലേക്കർ ഗവർണറെന്ന നിലയിൽ വളരെ മികവാർന്ന പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത് - ഉപരാഷ്ട്രപതി പറഞ്ഞു.

ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങി

നെടുമ്പാശ്ശേരി ▸ രണ്ടുദിവസത്തെ കേരള സന്ദർശനത്തിനുശേഷം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഡൽഹിക്ക് മടങ്ങി. തിങ്കളാഴ്ച വൈകീട്ട് മൂന്നോടെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണ് മടങ്ങിയത്. ഭാര്യ ഡോ. സുദേഷ് ധൻകറും കുടുംബാംഗങ്ങളായ ആദ്യ വാജ്പേയ്, കാർത്തിക് വാജ്പേയ് എന്നിവരും ഒപ്പമുണ്ടായിരുന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ നേതൃത്വത്തിൽ ഉപരാഷ്ട്രപതിക്ക് യാത്രയയപ്പ് നൽകി. മന്ത്രി പി. രാജീവ്, അബ്ദുൾ വഹാബ് എംപി, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, ഡിജിപി റവാഡ എ. ചന്ദ്രശേഖർ, എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, എറണാകുളം റൂറൽ എസ്പി എം. ഹേമലത, സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ്, സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ എം.എസ്. ഹരികൃഷ്ണൻ തുടങ്ങിയവരും യാത്രയാക്കാൻ എത്തിയിരുന്നു.

രാവിലെ നാവികസേന ആസ്ഥാനത്തുനിന്ന് ഹെലികോപ്റ്ററിൽ ഗുരുവായൂരിലേക്ക് പോയെങ്കിലും മഴ കാരണം കൊച്ചി വിമാനത്താവളത്തിൽ വന്നിറങ്ങി. തുടർന്ന് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ (നുവാൽസ്) എത്തി വിദ്യാർഥികളും അധ്യാപകരുമായി ആശയവിനിമയം നടത്തി. പിന്നീട് കാർ മാർഗം കൊച്ചി വിമാനത്താവളത്തിൽ എത്തിയ ഉപരാഷ്ട്രപതി 12.40-ന് വ്യോമസേന ഹെലികോപ്റ്ററിൽ ഗുരുവായൂർ ക്ഷേത്രദർശനത്തിനായി തിരിച്ചു.

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറിന് കൊച്ചി വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ നേതൃത്വത്തിൽ നൽകിയ യാത്രയയപ്പ്. മന്ത്രി പി. രാജീവ് സമീപം

Malayala Manorama dtd 08.07.2025

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാഷനൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർഥികളുമായി സംവദിക്കുന്നു. മന്ത്രി പി. രാജീവ്, ഗവർണർ രാജേന്ദ്ര ആർലേക്കർ, ഡോ.സുദേഷ് ധൻകർ, മന്ത്രി ആർ. ബിന്ദു എന്നിവർ സമീപം

ഉപന്യാസം ചാലഞ്ച് നൽകി ഉപരാഷ്ട്രപതി

▶▶ ചാലഞ്ച് ഏറ്റെടുത്ത് വിദ്യാർഥികൾ

കളമശേരി ● നാഷനൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് സന്ദർശിച്ച ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ വിദ്യാർഥികൾക്കു മുന്നിൽ 2 ചാലഞ്ച് മുന്നോട്ടുവച്ചു. എന്തുകൊണ്ട് ഭരണഘടനാദിനം, ഭരണഘടനയെ അട്ടിമറിച്ച അടിയന്തരാവസ്ഥക്കാലം എന്നീ രണ്ടു വിഷയങ്ങളിൽ ഉപന്യാസം എഴുതി സമർപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ചാലഞ്ച്.

എന്തുകൊണ്ട് ജനുവരി 26ന് ഭരണഘടനാദിനം ആചരിക്കുന്നു, എന്നു മുതൽ ആരംഭിച്ചു. എന്താണു നമുക്കു നൽകുന്ന പാഠം എന്നിവയാണ് ആദ്യ ഉപന്യാസത്തിന്റെ വിഷയം.

ഭരണഘടനയെ അട്ടിമറിച്ച അടിയന്തരാവസ്ഥ പ്രഖ്യാപനവും ജുഡീഷ്യറിയുടെ അക്കാലത്തെ അവസ്ഥയെക്കുറിച്ചും ഉള്ളതാണ് രണ്ടാമത്തെ വിഷയം. ഉപന്യാസങ്ങൾ തനിക്ക് ഇ-മെയിലായി അയച്ചു നൽകണമെന്നും ഇ മെയിൽ വിലാസം വൈസ് ചാൻസലർ ജി.ബി.റെഡ്ഡിക്കു കൈമാറിയിട്ടുണ്ടെന്നും ഉപരാഷ്ട്രപതി അറിയിച്ചു. ഉപരാഷ്ട്രപതി മുന്നോട്ടു വച്ച ഉപന്യാസ ചാലഞ്ച് വിദ്യാർഥികൾ ഉത്സാഹത്തോടെ സ്വീകരിച്ചു.

ഉപന്യാസം എഴുതി അയയ്ക്കുന്നവരിൽ നിന്നു നറുക്കിട്ടെടുക്കുന്ന 5 പേരെ വീതം പാർലമെന്റിൽ തന്റെ അതിഥികളായി പങ്കെടുക്കാൻ അവസരം നൽകും. കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗങ്ങളുടെ സാന്നിധ്യത്തിലായിരിക്കും നറുക്കെടുപ്പെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഉപരാഷ്ട്രപതിക്കൊപ്പം അദ്ദേഹത്തിന്റെ പതി ഡോ.സുദേഷ് ധൻകറും പങ്കെടുത്തു.

Deshabhimani dtd 08.07.2025

സിഫിയുടെ നേതൃത്വത്തിൽ നടത്തിയ ഗ്രീറ്റ് ആൻഡ് മീറ്റ് ദ് വൈസ്പ്രസിഡന്റ് ' പരിപാടിയിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികളുമായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സംവദിക്കുന്നു. ഗവർണർ വിശ്വനാഥ് ആർലേക്കർ, സിഫി ചെയർപേഴ്സൻ ഡോ.പി.എ.മേരി അനിത എന്നിവർ സമീപം

ഭിന്നശേഷി കുട്ടികളുമായി സംവദിച്ച് ഉപരാഷ്ട്രപതി

കളമശേരി ● തന്നെ കാണാനെത്തിയ ഭിന്നശേഷിക്കാരായ 15 കുട്ടികളോടും അമ്മമാരോടും സ്പെഷൽ എജ്യുക്കേറ്റർമാരോടും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സംവദിച്ചു. സെന്റർ ഫോർ എംപവർമെന്റ് ആൻഡ് എൻറിച്ച്മെന്റിന്റെ (സിഫി) നേതൃത്വത്തിലാണു കുട്ടികൾ ഉപരാഷ്ട്രപതിയെ കാണാനെത്തിയത്. സിഫി ചെയർമാൻ ഡോ.പി.എ.മേരി അനിതയുടെ നേതൃത്വത്തിൽ എത്തിയ സംഘം മധുരം നൽകി ഉപരാഷ്ട്രപതിയെ സ്വീകരിച്ചു. നാഷനൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ 'ഗ്രീറ്റ് ആൻഡ് മീറ്റ് ദി വൈസ് പ്രസിഡന്റ് ' പരിപാടിയായിരുന്നു വേദി. ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനു വേദി ഒരുക്കേണ്ടതിന്റെ ആവശ്യകതയും അവരുടെ രക്ഷകർത്താക്കളുടെ ആവശ്യങ്ങളും അരക്ഷിതാവസ്ഥയും സിഫി ചെയർമാൻ ഉപരാഷ്ട്രപതിയെ ധരിപ്പിച്ചു. ഇത്തരം കുഞ്ഞുങ്ങളോടൊപ്പം രാഷ്ട്രം മുഴുവനും കൂടെയുണ്ടെന്ന് അദ്ദേഹം അവർക്കു ഉറപ്പുനൽകി. ഞങ്ങളെ എന്നാണ് ഉപരാഷ്ട്രപതിയുടെ വീട്ടിലേക്കു കൊണ്ടുപോവുകയെന്നു തിരക്കിയ കെയർ റിസർച് ഇൻസ്റ്റിറ്റ്യൂട്ടിലെ ആദിലിനോട് എപ്പോൾ വേണമെങ്കിലും വരാമല്ലോയെന്നും അദ്ദേഹം മറുപടി പറഞ്ഞു. മേഘ സണ്ണിയും മാർട്ടിൻ ടോമും ചേർന്ന് കെയർ റിസർച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഭിന്നശേഷിക്കാരായ കുട്ടികൾ നിർമിച്ച വിവിധങ്ങളായ മെഴുകുതിരികൾ ഉപരാഷ്ട്രപതിക്കു സമ്മാനമായി നൽകി.

Kerala Kaumudi dtd 08.07.2025

അനധികൃത സമ്പാദ്യം

ഉന്നത ന്യായാധിപനെതിരെ കേസെടുക്കാൻ കഴിയാത്തത് ദൗർഭാഗ്യകരം: ഉപരാഷ്ട്രപതി

■ നിയമവിദ്യാർത്ഥികളുമായി സംവദിച്ച് ജഗദീപ് ധൻകർ

▸ സ്വന്തം ലേഖകൻ

എറണാകുളം ന്യുവാൽസിലെ വിദ്യാർത്ഥികളുമായി ഉപരാഷ്ട്രപതി ജഗദീപ് ധൻകർ സംവദിക്കുന്നു, ഭാര്യ ഡോ. സുധേഷ് ധൻകർ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രിമാരായ പി. രാജീവ്, ഡോ. ആർ. ബിന്ദു, ന്യുവാൽസ് വൈസ് ചാൻസലർ ജി.ബി. റെഡ്ഢി എന്നിവർ സമീപം

കൊച്ചി: ഉന്നത ന്യായാധിപന്റെ വസതിയിൽ കോടിക്കണക്കിന് രൂപ കണ്ടെത്തിയിട്ടും ഇതുവരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ പോലും കഴിയാത്തത് ദൗർഭാഗ്യകരമാണെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ പറഞ്ഞു.

കൊച്ചി ന്യുവാൽസിൽ (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്) നിയമ വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും സംസാരിക്കവെയാണ് ഡൽഹിയിലെ ജസ്റ്റിസ് യശ്വന്ത് വർമ്മ സംഭവം പേരെടുത്ത് പറയാതെ പരാമർശിച്ചത്.

ജുഡിഷ്യറിക്കെതിരായ ഇത്തരം വിഷയങ്ങൾ ഭരണഘടനാപരമായാണ് കൈകാര്യം ചെയ്യുന്നത്. ക്രിമിനൽ പ്രവണതകൾ കണ്ടാൽ അതേരീതിയിൽ മുന്നോട്ടുപോകാനും ജനാധിപത്യ സംവിധാനത്തിൽ കഴിയേണ്ടതാണ്. പക്ഷേ, 90കളിലെ സുപ്രീംകോടതി വിധിയാണ് ഇതിന് തടസമാകുന്നത്. ഇക്കാര്യം പാർലമെന്റ് പരിശോധിക്കുന്നുണ്ട്.

ഷേക്സ്പിയറുടെ വിഖ്യാതമായ ജൂലിയറ്റ് സീസറിലെ ഭാഗം പരാമർശിച്ചാണ് ജഡ്ജിയുടെ വീട്ടിൽ പണം കണ്ടെത്തിയ സംഭവത്തിൽ ഉപരാഷ്ട്രപതി നിലപാട് വ്യക്തമാക്കിയത്. സീസറിന് സംഭവിച്ചതുപോലെ ഒരു മാർച്ച് 15 നമ്മുടെ നീതിന്യായ വ്യവസ്ഥയ്ക്കുമുണ്ടായി. അന്നായിരുന്നു ജഡ്ജിയുടെ വസതിയിൽ നിന്ന വൻതോതിൽ പണം കണ്ടെത്തിയത്. പൊതുമണ്ഡലത്തിലുള്ള കാര്യമായതിനാലാണ് ഇതേക്കുറിച്ച് പറയുന്നത്. ചീഫ്ജസ്റ്റിസും മുൻ ചീഫ്ജസ്റ്റിസും ഉത്തരവാദിത്വത്തോടെ ഇടപെട്ടു. നീതിന്യായ വ്യവസ്ഥയിൽ കോട്ടം തട്ട്[illegible] ഭീകരമായ സാഹചര്യത്തെ രാജ്യം അഭിമുഖീകരിക്കേണ്ടിവരും. വിരമിക്കലിന് ശേഷം ജഡ്ജിമാർക്ക് ലഭിക്കുന്ന നിയമനങ്ങളിലും അദ്ദേഹം ആശങ്ക പങ്കുവച്ചു.

ഭരണഘടനയുടെ ആമുഖത്തിൽ മാറ്റം വരുത്തണമെന്ന ആർ.എസ്.എസ് ആവശ്യത്തെ പരോക്ഷമായി അദ്ദേഹം പിന്തുണച്ചു. ഭരണഘടനയുടെ ആമുഖം കുട്ടികളുടെ രക്ഷകർത്താക്കളെപോലെയാണ്. എത്രശ്രമിച്ചാലും അത് മാറ്റാൻ കഴിയില്ല. ഇന്ത്യയിലല്ലാതെ വേറൊരു രാജ്യത്തും ഭരണഘടനയുടെ ആമുഖത്തിൽ മാറ്റം വരുത്തിയിട്ടില്ല. അടിയന്തരാവസ്ഥയുടെ ഇരുണ്ടകാലത്താണ് 1976ൽ 42ാം ഭരണഘടനാ ഭേദഗതിയിലൂടെ ആമുഖം തിരുത്തിയതെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

ഗവർണർ ആർ.വി. ആർലേക്കർ, ന്യുവാൽസ് വൈസ് ചാൻസലർ ജി.ബി. റെഡ്ഢി, മന്ത്രിമാരായ പി. രാജീവ്, ആർ. ബിന്ദു എന്നിവരും പങ്കെടുത്തു.

Madhyamam dtd 08.07.2025

സെന്റർ ഫോർ എംപവർമെന്റ് ആന്റ് എൻറിച്ച്മെന്റിന്റെ (സിഫി) നേതൃത്വത്തിൽ തന്നെ കാണാൻ എത്തിയ ഭിന്നശേഷി വിദ്യാർഥികളെ ഉപരാഷ്ട്രപതി ജഗദീപ് ധൻകർ മധുരം നൽകി സ്വീകരിക്കുന്നു. ഉപരാഷ്ട്രപതിയുടെ പത്നി ഡോ. സുധേഷ് ധൻകറും സിഫി ചെയർ പേഴ്സൺ ഡോ. മേരി അനിതയും ഒപ്പം